**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

സി.ജി.(1) 30705/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20/8/2014

## സർക്കുലർ നമ്പർ 41/14

വിഷയം- സഹകരണ വകുപ്പ്- സ്വകാര്യ പണമിടപാടുകാരെ ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന- 22.5.2014 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന പ്രത്യേക യോഗ തീരുമാനങ്ങൾ.

സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.5.2014-ൽ പ്രത്യേക യോഗം കൂടിയിരുന്നു. ഈ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളുടെ ഭാഗമായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സഹകരണ സ്ഥാപനങ്ങൾ സ്വകാര്യ പണമിടപാടുകാരുമായി നിക്ഷേപ വായ്പാ ഇടപാടുകൾ ഉൾപ്പെടെയുള്ള എല്ലാ ഇടപാടുകളും ഒഴിവാക്കേണ്ട താണ്.
2) സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളോ ജീവനക്കാരോ സ്വകാര്യ പണമിടപാടുകാർക്ക് പ്രത്യക്ഷമായോ പരോക്ഷമായോ സഹായകരമായ നടപടികൾ സ്വീകരിക്കാൻ പാടില്ല.
3) സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളും ജീവനക്കാരും സ്വന്തം പേരിലോ ബന്ധുക്കൾ മുഖേനയോ സ്വകാര്യ പണമിടപാട് നടത്താൻ പാടില്ല.

4) മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് അതാത് സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്. ഈ സർക്കുലർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1) രജിസ്ട്രാർ
കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം,
എറണാകുളം.
2) സെക്രട്ടറി
കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) സഹകരണ ആഡിറ്റ് ഡയറക്ടർ
ആഡിറ്റ് ഡയറക്ടറുടെ ആഫീസ്
വികാസ് ഭവൻ, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറക്ടർ
സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
5) മാനേജിംഗ് ഡയറക്ടർ,
സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
തിരുവനന്തപുരം.
6) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്മാർ/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
7) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന്മാർക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന്മാർക്കും
ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന.
10) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12) വെബ്സൈറ്റ്
13) സ്റ്റോക്ക് ഫയൽ/ സ്പെയർ